**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 19

# വാർത്താക്കുറിപ്പ്

---

## ബിരുദ പ്രവേശനം; പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിൽ ബിരുദ ഏകജാലക പ്രവേശനത്തിന് പട്ടിക ജാതി - പട്ടിക വർഗ വിഭാഗക്കാർക്കായുള്ള രണ്ടാമത്തെ പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ സെപ്റ്റംബർ 22ന് വൈകുന്നേരം നാലിനു മുൻപ് അതത് കോളജുകളിൽ സ്ഥിര പ്രവേശനം നേടണം.

മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം നേടിയശേഷം രണ്ടാം പ്രത്യേക അലോട്ട്മെന്റിന് അപേക്ഷിക്കുകയും ലഭിക്കുകയും ചെയ്തവരുടെ നിലവിലെ പ്രവേശനം റദ്ദാക്കിയിട്ടുണ്ട്.

ഈ വിഭാഗത്തിൽ പെടുന്നവരും സെപ്റ്റംബർ 22 വൈകുന്നേരം നലിനു മുൻപ് പുതിയ അലോട്മെന്റ് ലഭിച്ച കോളജുകളിൽ സ്ഥിരപ്രവേശനം നേടണം.

(പി.ആർ.ഒ./39/1346/2022)

## എൽ.എൽ.ബി. പരീക്ഷകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി, ആറാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി / ത്രിവത്സര എൽ.എൽ.ബി, ഒൻപതാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി., പത്താം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 28 വരെയും പിഴയോടു കൂടി സെപ്റ്റംബർ 29 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 30 നും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1347/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**